ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) ന്റെ നടപടി ക്രമം

............

വിഷയം : എസ്റ്റാബ്ലിഷ്മെന്റ് - ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് - ആരോഗ്യവകുപ്പിൽ നിന്നും റേഡിയോഗ്രാഫർമാരുടെ ഏകീക്രത സീനിയോറിറ്റി ലിസ്റ്റ് 24.062013 ലെ ഉത്തരവ് പ്രകാരം പുറത്തിറക്കിയതു റദ്ദാക്കുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതു -

സൂചന :- 1) സ.ഉ.(ആർ.റ്റി) നം.4815/2010/ആ.കു.വ തീയതി 07.12.2010
2) നമ്പർ 7923/എച്ച്2/2011/ആ.കു.വ തീയതി 18-05-11
3) നമ്പർ 52330/എച്ച്2/12/ആ.കു.വ തീയതി 13.03.2013
4) ഉത്തരവ് നമ്പർ ഇ.എസ്സ്2065202/12/ആ.വ.ഡ തീയതി 24.06.13
5) സ.ഉ.(സാധാ) നം.3300/2013/ആ.കു.വ തീയതി 27/09/13

**<u>ഉത്തരവ് നമ്പർ ഇ.എസ്സ്2-65202/12/ആ.വ.ഡ തീയതി 06-01-2014</u>**

പരാമർശം ഒന്നിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ റേഡിയോ ഗ്രാഫർ, എക്സറേ ടെക്നീഷ്യൻമാരുടെ തസ്തികകൾ സംയോജിപ്പിച്ച് റേഡിയോ ഗ്രാഫർ തസ്തികയായി പുനർ നാമകരണം ചെയ്തിരുന്നു. ഇതിനെ തുടർന്ന് സൂചന രണ്ടിലെയും മൂന്നിലെയും സർക്കാർ നിർദ്ദേശപ്രകാരം പി.എസ്സ്.സി മുഖേന നേരിട്ട് നിയമനം ലഭിച്ചവരുടെ കാര്യത്തിൽ കെ.എസ്സ്.& എസ്.എസ്.ആർ. ഭാഗം-2, ചട്ടം 27 'സി' അനുസരിച്ചും അല്ലാതെ നിയമനം ലഭിച്ചവരുടെ കാര്യത്തിൽ ചട്ടം 27 (എ) പ്രകാരവും എകീകൃത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പരാമർശം നാലിലെ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശങ്ങളും ബന്ധപ്പെട്ട ചട്ടങ്ങളും പാലിച്ചുകൊണ്ട് 31.03.2012 വരെയുള്ള ആരോഗ്യവകുപ്പിലെ റേഡിയോഗ്രാഫർമാരുടെ ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു.

പാരമർശം മൂന്ന് പ്രകാരമുള്ള സർക്കാർ കത്തിലെ നിർദ്ദേശങ്ങളിൽ മേലുള്ള തുടർനടപടികൾ റദ്ദാക്കുന്നതിനും 7/12/2010 ലെ സർക്കാർ ഉത്തരവ് നം.(ആർ.റ്റി) 4815/2000/ആ.കു.വ ഉത്തരവിലെ വ്യവസ്ഥ പ്രകാരം സീനിയോറിറ്റി സംരക്ഷിച്ച് നൽകുവാനും സൂചന നാലിലെ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ 13/3/2013 സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം 24/6/2013 ൽ പ്രസിദ്ധീകരിച്ച (ഇ.എസ്സ്2/65202/2011/ആ.വ.ഡ നമ്പർ)

GOVERNMENT OF KERALA

റേഡിയോഗ്രാഫർമാരുടെ ഏകീകൃത ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് ഇതിനാൽ റദ്ദാക്കികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം ഒന്നിലെ വ്യവസ്ഥ പാലിച്ചുകൊണ്ടുള്ള റേഡിയോഗ്രാഫർമാരുടെ പുതിയ ഏകികൃത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം ആരംഭിക്കുന്നതായിരിക്കും.

(ഒപ്പ്)
ഡോക്ടർ.പി.എൻ.രമണി
അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്
(മെഡിക്കൽ)

പ്രേക്ഷിതൻ

ബന്ധപ്പെട്ട വ്യക്തികൾക്ക്
പകർപ്പ് : 1) ജില്ലാ മെഡിക്കൽ ആഫീസർ

....................................................................

2) ഇ.എഫ്2 സെക്ഷൻ അറിവിന് വേണ്ടി
3) ഫയൽ/സ്റ്റോക്ക് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

GOVERNMENT OF KERALA